**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.706** **29.09.2016 -ൽ മറുപടിക്ക്**

**പിലാത്തറ-പാപ്പിനിശ്ശേരി റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | കെ.എസ്.ടി.പി.പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടക്കുന്ന പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെയും പാപ്പിനിശ്ശേരി, താവം റെയിൽവെ മേൽപ്പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ നിർമ്മാണം 52 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ രണ്ട് സ്പാൻ കൂടി നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്. (മൊത്തം 22 സ്പാൻ ആണ് കെ.എസ്.ടി.പി ചെയ്യുന്നത്). നടുവിലെ സ്പാനിന്റെ നിർമ്മാണം റെയിൽവേയാണ് നടത്തുന്നത്. താവം റെയിൽവേ മേൽപ്പാലത്തിന്റെ സ്പാനുകൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. 3 പിയർ ക്യാപ്പുകൾ പൂർത്തീകരിച്ചു കഴിഞ്ഞു. അഡീഷണൽ സ്പാൻ നിർമ്മാണം പുരോഗമിക്കുന്നു. അതിൽ ആകെയുള്ള 36 പൈലുകളിൽ 22 എണ്ണം പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | 2017 മാർച്ച് 31നകം പ്രവൃത്തികൾ പൂർത്തിയാക്കുവാനാകുമെന്നാണ് പ്രതീക്ഷ. |

**സെക്ഷൻ ഓഫീസർ**